# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2292- 12/6/2018-ലെ മറുപടിക്ക്

## പതിനഞ്ചാം ധനകാര്യ കമ്മീഷൻ

| ക്രമ നമ്പർ | ചോദ്യം | ഉത്തരം |
|---|---|---|
| | ശ്രീ.വി.എസ്.ശിവകുമാർ | ഡോ. ടി.എം.തോമസ് ഐസക് ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി |
| | ചോദ്യം | ഉത്തരം |
| എ | പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ശിപാർശകൾ കേരളത്തിന്റെ നികുതി വരുമാനത്തെ പ്രതികൂലമായി ബാധിക്കുമെന്നുള്ള വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം മേഖലയിലുള്ള ശിപാർശകളായിരിക്കും പ്രതികൂലമായേക്കുമെന്ന് വിലയിരുത്തുന്നത്; വ്യക്തമാക്കുമോ; | പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ശിപാർശകൾ ഇതുവരെ കേന്ദ്രഗവൺമെന്റിന് സമർപ്പിച്ചിട്ടില്ല. പ്രസ്തുത ശിപാർശകൾ 2019 ഒക്ടോബറിൽ മാത്രമേ സമർപ്പിക്കുകയുള്ളൂ. |
| ബി | എങ്കിൽ എത്ര കോടി രൂപയുടെ വരുമാനനഷ്ടമാണ് സംസ്ഥാനത്തിന് ഉണ്ടാവുക; ഇതൊഴിവാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | പതിനഞ്ചാം ധനകാര്യ കമ്മീഷൻ അതിന്റെ ശിപാർശകൾ സമർപ്പിക്കുന്ന മുറയ്ക്കേ ഇക്കാര്യത്തിൽ വ്യക്തത ഉണ്ടാകൂ. ധനകാര്യ കമ്മീഷന്റെ പരിഗണന വിഷയങ്ങളിലെ സംസ്ഥാനത്തിന് ദോഷകരമായ നിർദ്ദേശങ്ങൾ പരിഹരിക്കുന്നതിനായി ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ ധനകാര്യ/ മുഖ്യമന്ത്രിമാരുടെ നേതൃത്വത്തിൽ ചേർന്ന തിരുവനന്തപുരം, അമരാവതി സമ്മേളനങ്ങളിലെ തീരുമാനപ്രകാരം ബഹുമാനപ്പെട്ട രാഷ്ട്രപതിക്ക് നിവേദനം സമർപ്പിച്ചിട്ടുണ്ട്. കൂടാതെ പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ സംസ്ഥാനസന്ദർശനവേളയിൽ ഈ വിഷയങ്ങൾ കമ്മീഷന്റെ ശ്രദ്ധയിൽ പെടുത്തുകയും സംസ്ഥാനത്തിന്റെ ആവശ്യങ്ങളടങ്ങിയ മെമ്മോറാണ്ടം കമ്മീഷന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ